ട്രാൻസ്പോർട്ട്
കമ്മീഷണറേറ്റ്
തിരുവനന്തപുരം

"ഭരണഭാഷ – മാതൃഭാഷ"

നമ്പർ.ഡി.4/ഇ-13002/എസ്.റ്റി.എ./2016

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,

[☎0471-2333337/2333317 ഫാക്സ് 0471-2333314]

www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി,04.10.2016.

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,

ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ,
റീജിയണൽ ട്രാൻസ്പോർട്ട് ഒഫീസർമാർ,
എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഒഫീസർമാർ,
ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഒഫീസർമാർ.

സർ,

വിഷയം :- **മോട്ടോർ വാഹന വകുപ്പ്** – പൊതു ജനങ്ങളുടെ നിരന്തര പരാതി – ബസ്സുകളുടെ മരണപ്പാച്ചിൽ - അപകട മരണങ്ങൾ - പരിഹാര നിർദ്ദേശങ്ങൾ- സംബന്ധിച്ച്.

സൂചന :- ശ്രീ. സിദ്ദീക്ക്,കണ്ണൂർ ബഹുമാനപ്പെട്ട മന്ത്രിയ്ക്ക് 1.10.2016-ന് നൽകിയ പരാതി.

കേരളത്തിൽ റോഡപകടങ്ങളും അതിനാൽ സംഭവിയ്ക്കുന്ന ദാരുണ മരണങ്ങളും മാരക പരിക്കുകളും ദിനംപ്രതി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മോട്ടോർ വാഹന വകുപ്പിനെതിരെ വലിയ തോതിൽ പരാതി ഉയരുന്നുണ്ട്. കണ്ണൂരിലും,തഴെ ചൊവ്വയിലും,തിരുവനന്തപുരത്തും, മാരായമുട്ടത്തും, കഴിഞ്ഞയാഴ്ച്ച സംഭവിച്ച ഇത്തരത്തിലുള്ള അപകടങ്ങൾ ഇക്കാര്യത്തിൽ വളരെയധികം ആശങ്ക ഉയർത്തിയിട്ടുണ്ട്. നിയമ പ്രകാരം ബസ്സുകൾ വേഗപ്പൂട്ട് ഘടിപ്പിച്ച് 65 കിലോമീറ്റർ/ മണിയ്ക്കൂറിൽ കൂടാത്ത വേഗതയിൽ നഗരത്തിനു പുറത്തും, 35 കിലോമീറ്റർ/മണിയ്ക്കൂറിൽ കൂടാത്ത വേഗതയിൽ നഗരത്തിലും ഓടാൻ പാടുള്ളൂ. എന്നാൽ, ഇതെല്ലാം കാറ്റിൽ പറത്തി ബസ്സുകൾ മരണപ്പാച്ചിൽ നടത്തി ദിനവും അപകടം വരുത്തുന്നതിന് നിയമപാലനം കുറയുന്നത് വലിയൊരു കാരണമാകുന്നുണ്ട്.

അപകട സമയത്ത് യാത്രക്കാരുടെ സുരക്ഷയ്ക്കായി നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള 'സുരക്ഷാവാതിൽ ഇരുമ്പുതകിട് വെച്ച് അടച്ച് ഓടുന്നതും, സ്ഥിരമായി അടച്ച് പൂട്ടുന്നതും അപകട സമയത്ത് യാത്രക്കാരുടെ രക്ഷാപ്രവർത്തനത്തിന് തടസ്സമാകുന്നു. ബസ്സിന്റെ ഡോർഷട്ടറുകൾ തുറന്ന് കെട്ടിവെച്ച് ഓടുന്നതുകൊണ്ട് യാത്രക്കാർ തെറിച്ചുവീഴുന്നതുകാരണം അപകടമരണം സംഭവിയ്ക്കുന്നതും റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഇത്തരം നിയമ വിരുദ്ധകാര്യങ്ങൾ സ്ഥിരമായി മോട്ടോർ വാഹന ഉദ്യോഗസ്ഥരുടെ മുന്നിലൂടെ നടക്കുമ്പോൾ കാര്യക്ഷമമായ നടപടിയിലൂടെ അവ തടഞ്ഞ് ജനങ്ങളുടെ

ആയതിനാൽ, എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും അവരവരുടെ മേഘലയിൽ ഓടുന്ന ബസ്സുകൾ അപകട രഹിതമായി സുരക്ഷിത വേഗതയിൽ മാത്രം സർവ്വീസ് നടത്തുന്നുണ്ടോ എന്ന് ഇടയ്ക്കിടെ നേരിട്ട് പരിശോധനകൾ നടത്തി ഉറപ്പാക്കണം. ബസ്സ്റ്റാന്റ് സന്ദർശിച്ച് ബസ്സുകളുടെ കാര്യക്ഷമതയും ഡോറുകൾ, സുരക്ഷാ വാതിൽ, വേഗപ്പൂട്ട് എന്നിവ ഉറപ്പുവരുത്തണം. റഡാറുകളുടെ സഹായത്തോടെ അമിത വേഗതയെടുക്കുന്ന വാഹനങ്ങളെ അപ്രതീക്ഷിതമായ സമയത്തും, സ്ഥലത്തും മിന്നൽ പരിശോധന നടത്തുകവഴി വേഗത നിയന്ത്രിയ്ക്കാനാകും. അമിത വേഗത പിടിയ്ക്കുന്ന കേസുകളിൽ ലൈസൻസ് അയോഗ്യമാക്കുന്ന നടപടി സ്വീകരിയ്ക്കുകയും ഇത് പരസ്യപ്പെടുത്തുകയും ചെയ്യുന്നതും അപകടത്തിൽ ഉൾപ്പെട്ടാൽ സർക്കുലർ 21/2008 അനുസരിച്ച് നടപടി കർശനമാക്കുകയും ചെയ്യുന്നതും അപകടം കുറയ്ക്കാൻ സഹായിയ്ക്കും.

വാഹനാപകടങ്ങൾക്കിടയാക്കുന്ന തരത്തിൽ വാഹനങ്ങൾ ഓടിയ്ക്കുന്നത് പരിശോധിച്ച് നടപടിയെടുത്ത് അപകടം കുറയ്ക്കാൻ മോട്ടോർ വാഹന വകുപ്പിനുള്ള ഉത്തരവാദിത്വം ആത്മാർത്ഥമായി നിറവേറ്റാൻ സ്ഥിരമായി എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും തയ്യാറാവുകയും ഇക്കാര്യം ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ ഉറപ്പുവരുത്തുകയും ഉടനടി ചെയ്യേണ്ടതും, ഇക്കാര്യത്തിൽ കൈക്കൊണ്ട നടപടികൾ 14 ദിവസത്തിനകം ട്രാൻസ്പോർട്ട് കമ്മീഷണർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

വിശ്വസ്തതയോടെ,
(ഒപ്പ്)
ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ,

സീനിയർ സൂപ്രണ്ട്.

ജെ.എസ്.

06/10/16